(ബി) ആലപ്പുഴ ജില്ലയൊഴികെ ബാക്കിയുള്ള 13 ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) 114 കോടി രൂപ ഈ പദ്ധതിയ്ക്ക് ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

കേരള ജല അതോറിറ്റിയുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ശുദ്ധജല വിതരണ പദ്ധതികൾ

26 [344] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് വൈദ്യുതി ബോർഡ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി താരിഫ് പട്ടികയിലെ ഏതു വിഭാഗത്തിൽപ്പെടുത്തിയാണ് ശുദ്ധജല വിതരണ പദ്ധതികളുടെ വൈദ്യുതോപഭോഗത്തിന് ചാർജ്ജ് ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ശുദ്ധജല വിതരണം എന്ന ഏറ്റവും സുപ്രധാനമായ സാമൂഹിക സേവന മേഖലയെ ഏറ്റവും താഴ്ന്ന നിരക്കിലുള്ള വൈദ്യുത താരിഫ് പട്ടികയിൽ ഉൾപ്പെടുത്തി വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റിയുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ശുദ്ധജല വിതരണ പദ്ധതികൾക്ക് വൈദ്യുതി ബോർഡ് താഴെ പറയുന്ന താരിഫ് നിരക്കുകളിലാണ് വൈദ്യുതി ചാർജ് ഈടാക്കുന്നത്:

1. High Tension (11 KV സപ്ലൈ)

ഡിമാന്റ് ചാർജ്ജ്	..	270 രൂപ/കെ.വി.എ.
എനർജി ചാർജ്ജ്	..	300 പൈസ/യൂണിറ്റ്

2. Low Tension IV (440 വോൾട്ട്)

ഫികസ്ഡ് ചാർജ്ജ്	..	45 രൂപ/കെ.ഡബ്ല്യു.
എനർജി ചാർജ്ജ്	..	325 പൈസ/യൂണിറ്റ്

(ബി) താരിഫ് പട്ടികയിൽ വ്യാവസായിക വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ജലവിതരണ പദ്ധതികളുടെ വൈദ്യുതോപഭോഗത്തിന് ചാർജ് ഈടാക്കുന്നത്. സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ഗാർഹിക നിരക്കിൽ മാത്രം ചാർജ്ജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇലക്ട്രിസിറ്റി ആക്ട് 2003 നിലവിൽ വന്നതോടുകൂടി സംസ്ഥാനത്തെ വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

സ്വകാര്യ മേഖലയിലെ വൈദ്യുതി സംരംഭങ്ങൾ

27 [345] ശ്രീ. ജോർജ് ജെ. മാത്യു:
„ ടി. വി. ചന്ദ്രമോഹൻ:
„ സി. പി. മുഹമ്മദ്:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റേതല്ലാത്ത എത്ര വൈദ്യുതി സംരംഭങ്ങൾ സംസ്ഥാനത്ത് ഉണ്ട്;

(ബി) ഇവയിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിന് യൂണിറ്റൊന്നിന് എന്ത് വില നൽകണം എന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി വിലയ്ക്കുപരിയായി ഫിക്സഡ് ചാർജ് നൽകേണ്ടതുണ്ടോ; എങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അഞ്ച്.

(ബി) നടപ്പുസാമ്പത്തികവർഷം ഇതുവരെയും വിവിധ വൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങിയ വൈദ്യുതിക്ക് ഫിക്സഡ് ചാർജിനു പുറമെ യൂണിറ്റൊന്നിന് നൽകിയ ശരാശരി വില താഴെ പറയും പ്രകാരമാണ്:

1. കായംകുളം താപ വൈദ്യുതി നിലയം .. 317.32 പൈസ
2. ബി.എസ്.ഇ.എസ്. കൊച്ചി .. 292.98 പൈസ
3. കെ.പി.സി.എൽ. കാസർഗോഡ് .. 284.59 പൈസ

മണിയാർ, കുത്തുംഗൽ എന്നീ ജലവൈദ്യുത പദ്ധതികൾ കൃാപ്റ്റീവ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്.

(സി) ഉണ്ട്.

1. കായംകുളം താപ വൈദ്യുതി നിലയം .. 12,43,78,769 രൂപ
2. ബി.എസ്.ഇ.എസ്. കൊച്ചി .. 10,00,00,000 രൂപ
3. കെ.പി.സി.എൽ. കാസർഗോഡ് .. 1,49,84,681 രൂപ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly